
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 06 No. 31 THE ONLINE OFFICIAL NEWS BULLETIN 2023 August 05

SEASON OF TRANSFIGURATION | തേജസ്കരണകാലം | ܥܕܢܐ ܕܓܠܝܢܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
6 ✠ Mtale The Feast of Transfiguration 58th Mem. of "Malankarayude Dharma Yogi" Alexious Mar Theodosios OIC ✠ (Bethany Asram Perunad) ♪6  	7 Comme. of St. Demetrios of Thessaloniki ♪2 	8 ♪6	9 ✠ Comme. Of St. Mathias the Apostle Memorial of Arch Deacon Geevarghese the Great ✠ (Angamaly Cheriay Palli) ♪2 	10 ♪6	11 ♪2	12 Memorial of Mar Assayel ♪6



Rev. Dr. Packiam T. Samuel, Director of HMI and one of the Vice Presidents of the NCCI, and Rev. Asir Ebenezer, the General Secretary of NCCI, had an audience with the Supreme Head of Malankara Orthodox Syrian Church, H.H. Baselios Marthoma Mathews III, at the office of the Catholicos, Devalokam Armana, Kottayam. The President of the NCCI, Metropolitan H.G. Dr. Geevarghese Mar Yulios, was also present, along with H.G. Abraham Mar Stephanos and Fr. Ashwin Fernandez.



അലക്സിയോസ് മാർ തേവോദോസിയോസ്, യൂഹാനോൻ മാർ അത്താനാസിയോസ്, പൗലോസ് മാർ പക്കോമിയോസ് എന്നീ പിതാക്കന്മാരുടെ സംയുക്ത ഓർമ്മപെരുന്നാളിന് തുടക്കമായി. ഡോ യക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത തീർത്ഥാടക സംഗമം ഉദ്ഘാടനം ചെയ്തു.



എത്യോപ്യൻ ഓർത്തഡോക്സ് സഭയിലെ വിദ്യാർത്ഥികൾ പാമ്പാടി ദയറാ സന്ദർശിച്ചു.

മണിപ്പൂരിൽ ദുരിതമനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം ഒരുക്കി ഓർത്തഡോക്സ് സഭ

കോട്ടയം: മണിപ്പൂർ ദുരന്തത്തിൽപ്പെട്ട പാലായനം ചെയ്യേണ്ടിവരുന്ന അഭയാർത്ഥികളെ ഉൾക്കൊള്ളുന്നതിനും ദുരിതത്തിനിരയായ വിദ്യാർഥികൾക്ക് വിവിധ ഭദ്രാസനങ്ങളുടെ ചുമതലയിൽ സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനും ഓർത്തഡോക്സ് സഭാ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു.

മൂന്ന് മാസത്തോളമായി നടന്നുവരുന്ന മണിപ്പൂർ കലാപത്തിൽ ആശങ്ക രേഖപ്പെടുത്തിക്കൊണ്ടും അവിടെ പീഡ അനുഭവിക്കുന്ന ജനങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടുമായിരുന്നു നടപടികൾ ആരംഭിച്ചത്.

കാലഘട്ടത്തിനനുയോജ്യമായ ഭദ്രാസനേതര-ഇടവകേതര ശുശ്രൂഷകളുടെ പ്രസക്തി, സഭാ ശുശ്രൂഷയിൽ സ്ഥിര ശെമ്മാശ്ശന്മാരുടെയും ശെമ്മാശ്ശിനിമാരുടേയും സ്ഥാനം, സഭാ ശുശ്രൂഷകളിൽ നേരിടുന്ന പ്രശ്നങ്ങൾ, ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുമായി സഹകരിച്ച് മലങ്കര ഓർത്തഡോക്സ് സഭാ കാനോൻ പ്രകാരമുള്ള വേദപുസ്തക പ്രസിദ്ധീകരണം, സെമിനാരികൾ തമ്മിലുള്ള സഹകരണം, മിഷൻ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചുള്ള പഠനത്തിന്റെയും പരിശീലനത്തിന്റെയും പ്രാധാന്യം തുടങ്ങിയവ പ്രധാന ചർച്ചാവിഷയങ്ങളായിരുന്നു. സഭയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന വേദപുസ്തക വിവർത്തനം ഘട്ടംഘട്ടമായി പ്രസിദ്ധപ്പെടുത്തുവാനും, ആദ്യഘട്ടമായി നാലു സുവിശേഷങ്ങളും അപ്പോസ്തോല പ്രവർത്തികളും ചേർന്നുള്ള ഭാഗം പ്രസിദ്ധീകരിക്കുവാനും തീരുമാനമായി. സഭാംഗമായിരുന്ന പിറവം എണ്ണയ്ക്കാപ്പിള്ളിൽ വീട്ടിൽ മിഷേൽ ഷാജി വർഗീസിന്റെ ദുരൂഹ മരണവുമായി ബന്ധപ്പെട്ട കേസിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസത്തിൽ സുന്നഹദോസ് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. എത്രയും വേഗം കുറ്റവാളികളെ കണ്ടെത്തി ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ അധികാരികളുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നും സുന്നഹദോസ് ആവശ്യപ്പെട്ടു.

ഏബ്രഹാം മാർ എപ്പിഫാനിയോസ്, ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, അലക്സിയോസ് മാർ യൗസേബിയോസ്, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, ഡോ. യൂഹാനോൻ മാർ ദിമെത്രിയോസ് എന്നീ മെത്രാപ്പോലീത്താമാർ വിവിധ ദിവസങ്ങളിൽ ധ്യാനപ്രസംഗങ്ങൾ നടത്തി. ഡോ. യൂഹാനോൻ മാർ ദിമെത്രിയോസ്, അലക്സിയോസ് മാർ യൗസേബിയോസ്, സഖറിയാ മാർ സേവേറിയോസ്, ഡോ. സഖറിയാസ് മാർ അപ്രേം, ഡോ. ഏബ്രഹാം മാർ സെറാഫിം, യൂഹാനോൻ മാർ മിലീത്തോസ്, ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, ഡോ. ജോഷ്വാ മാർ നിക്കോദീമോസ്, ഫാ. ഡോ. റെജി മാത്യു, ഫാ. ഡോ. ജോസ്സി ജേക്കബ്, റവ. കെ. വി. പോൾ റമ്പാൻ, ഫാ. എം. സി. പൗലോസ് എന്നിവർ വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ അവതരിപ്പിച്ചു.


ജൂലൈ 31-ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ച സുന്നഹദോസ് ഓഗസ്റ്റ് 4-നു സമാപിച്ചു.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

വിശ്വാസ പഠനം

"നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദമെന്ന് ദാവീദു മുഖാന്തിരം പ. റൂഹാ പാടി" – 02

ഡോ. ഗീവർഗീസ് യൂലിയോസ് മെത്രാപ്പോലീത്താ



(തുടർച്ച)

കൂദാശ ചെയ്യപ്പെട്ട വലിയ ദേവാലയങ്ങൾ ക്രൈസ്തവ സഭയിൽ നാലാം നൂറ്റാണ്ടു മുതൽ മാത്രമാണല്ലോ ഉണ്ടാകുന്നത്. പ്രപഞ്ചം തന്നെ ദേവാലയമെന്നും പിന്നീട് അത് സമാഗമനകൂടാരവും കൃപാസനവും എന്ന വിധത്തിലും പിൽക്കാലത്ത് യെരുശലേമിലെ നിർമ്മിത ദേവാലത്തിലേക്കും രൂപാന്തരപ്പെട്ടതായി കാണുന്നു. ക്രൈസ്തവ സഭയിലെ ദേവാലയങ്ങളുടെ പ്രാഗ്‌രൂപത്തിൽ മേൽപറഞ്ഞ എല്ലാ തലങ്ങളും അന്തർലീനമായിരിക്കുന്നു. "സ്വർഗ്ഗം എന്റെ സിംഹാസനം; ഭൂമി പാദപീഠം" എന്ന ആശയവും തന്റെ മനുഷ്യാവതാര വ്യാപാരത്തിൽ കർത്താവ് പാതാളക്കോട്ട തകർത്ത് ബന്ധിതരായവരെ അടിമത്വത്തിൽ നിന്നും വിടുവിച്ചുവെന്നും മാത്രവുമല്ല പഴയനിയമ ദേവാലയത്തിന്റെ തിരശീല കീറി നീക്കം ചെയ്യുകയും നിർമ്മിത ദേവാലയത്തിന്റെ നാശം പ്രവചിക്കുകയും പ. സഭയാകുന്ന പുതിയ ദേവാലയം സ്ഥാപിതമാവുകയും ചെയ്യുന്നുവെന്ന് ക്യംതാ പ്രാർത്ഥനയിലെ ആരാധനയിൽ നാം കാണുന്നു.

പ. സഭയാകുന്ന ദേവാലയമാകട്ടെ ക്രിസ്തു മൂലക്കല്ലും അപ്പോസ്തോലന്മാർ അടിസ്ഥാനശിലകളും എന്നു തുടങ്ങി ക്രിസ്തുവിൽ വാങ്ങിപ്പോയവരും ഇപ്പോൾ ഉള്ളവരും ഇനിയും വരുവാനിരിക്കുന്നവരും എല്ലാം ചേരുന്ന ആത്മഭാവത്തിലുള്ള ജീവനുള്ള ആലയമാകുന്നു. 'നിങ്ങൾ ദൈവത്തിന്റെ മന്ദിരമാകുന്നു' എന്ന പ. പൗലോസ് ശ്ലീഹായുടെ പ്രബോധനം നാം ഓർക്കുമല്ലോ. അങ്ങനെ വിശ്വാസികളാകുന്ന ജീവനുള്ള കല്ലുകളാൽ പണിയപ്പെട്ട ദേവാലയവും വി. കൂദാശകളും നമ്മുടെ ആത്മീയ ജീവിതത്തിന്റെ ആധാരമായി മാറ്റപ്പെട്ടിരിക്കുന്നുവെന്നത് പൗരസ്ത്യ ആരാധനാ ജീവിതത്തിന്റെ അടിസ്ഥാനപ്രമാണമാണ്. ചുരുക്കത്തിൽ കൂദാശ ചെയ്യപ്പെട്ട ആരാധനാലയവും അവിടെ വി. കൂദാശകളും നാം അവയുടെ സംബന്ധികളുമാണ്; അല്ലെങ്കിൽ നമ്മിൽ ജീവൻ ഇല്ല. "വിണ്ണുലകിന്നരചൻ താൻ....." എന്ന ക്യംതാ രാത്രി നമസ്കാരം രണ്ടാം കൗമ്മായുടെ കോലോയിൽ 'പ. സഭ'യുടെ അർത്ഥവും സാംഗത്യവും മനോഹരമായി വർണ്ണിക്കുന്നുണ്ടല്ലോ. മശിഹായുടെ മണവാട്ടിയാകുന്ന വി. സഭ ഭാഗ്യങ്ങളുടെ പൂർണ്ണതയുള്ള പറുദീസായ്ക്ക് സാദൃശ്യമാകുന്നുവെന്നും അവിടെ വി. മാമോദീസാ മുതലുള്ള കൂദാശകളും പ. സഹദേന്മാരുടെ അസ്ഥികളും ജീവന്റെ ഔഷധമായ വി. കുർബ്ബാന സജ്ജമാക്കപ്പെടുന്ന ബലിപീഠവും അവ വിശ്വാസികൾക്ക് പകർന്നു നൽകുന്ന വി. പൗരോഹിത്യവും ഉണ്ട് എന്ന് വ്യക്തമാക്കപ്പെടുന്നു.

വി. കുർബ്ബാന, ബലി അർപ്പണം എന്ന സഹശീർഷകത്തിൽ പഴയനിയമ ബലി, ക്രിസ്തുവിൽ നടക്കുന്ന ബലി, അതിൽ സഭയുടെ പങ്കാളിത്തം തുടങ്ങിയവ ബഹു. അച്ചൻ വിശകലനം ചെയ്യുന്നുണ്ട്. ദൈവത്തിന്റെ ജീവനുള്ള കുഞ്ഞാടിന്റെ ബലി അനുഗ്രഹവും സ്തോത്രവുമാകുന്നു; എന്നാൽ ഇന്ന് അത് നാടകവും അഭിനയവുമൊക്കെയായി മാറുന്നു എന്ന് അച്ചൻ ദുഃഖിക്കുന്നുണ്ട്. അങ്ങനെയാകുമ്പോൾ അത് ശാപവും ദോഷവും ആയി മാറുന്ന അപകടാവസ്ഥയിൽ എത്തിച്ചേരും. "ജീവനും രക്ഷയ്ക്കും" എന്നതിനു പകരം "ശിക്ഷയ്ക്കും പ്രതികാരത്തിനും" ആയിത്തീരുന്നു!

ഓരോ വിശ്വാസിയും പ്രമാണ കൂദാശകളിലൂടെ ശുദ്ധീകരിക്കപ്പെട്ട് അഭിഷേകം ചെയ്യപ്പെട്ട് വി. മുദ്ര കുത്തപ്പെട്ടവരാകുന്നു. "നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു"വെന്നുമുള്ള (1 കോരി. 3:16) തിരിച്ചറിവിൽ ആ വിശുദ്ധ മന്ദിരമാകുന്ന ശരീരംകൊണ്ട് നിങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തുമ്പോൾ (1 കോരി. 6:19-20) പ. റൂഹായുടെ ശക്തിയാൽ (കൃപയാൽ) ക്രിസ്തുവിൽ നാമും പിതാവും സംഗമിക്കുന്ന വി. കൂടിവരവ് (കൂറോബൊ) യാഥാർത്ഥ്യമായിത്തീരുന്നു. ബാഹ്യദേവാലയങ്ങളുടെ 'വലിപ്പ'ങ്ങളെക്കാൾ നാമാകുന്ന ദേവാലയങ്ങളുടെ നിഷ്ഠയും വിശുദ്ധിയും നിലനിർത്തപ്പെടണമെന്ന് ബ. അച്ചൻ ആവർത്തിച്ച് പറയുന്നു.



പൗരസ്ത്യ വേദശാസ്ത്ര ചിന്തയിൽ എല്ലാ ആരാധനയുടെയും കാർമ്മികൻ കർത്താവാണ്. പുരോഹിതർ പരിശുദ്ധാത്മകൃപയാൽ ക്രിസ്തുവിലാണ് പിതാവാംദൈവത്തിന് സർവ്വവും അർപ്പിക്കുന്നത്. പിതാവാംദൈവം നമ്മുടെ ബലിസ്തോത്രങ്ങൾ സ്വീകരിക്കുന്നതും ക്രിസ്തുവിൽ തന്നെ. അതുകൊണ്ടാണ് അർപ്പകനും സ്വീകാരകനും ക്രിസ്തു തന്നെ എന്ന് പ്രമാണിക്കുന്നത്. പ. സഭയാണ് ആരാധനയ്ക്കായി ഒരു തീർത്ഥാടനമായി കൂടിവരുന്നതും സമർപ്പിക്കുന്നതും അഥവാ വി. കുർബാന അർപ്പിക്കുന്നതും. അതുകൊണ്ടാണ് ജനങ്ങളുടെ പ്രവൃത്തിയെന്നും (Leit + ourgia) ജനശക്തി (Laity + Energy) എന്നുമൊക്കെ അർത്ഥം ലഭിക്കുന്ന Liturgy എന്ന പദം ആരാധനയ്ക്കായി ഉപയോഗിക്കുന്നത്.

അർപ്പിക്കുന്ന അപ്പവീഞ്ഞുകൾ പഞ്ചമൂല സമന്വയമായ പ്രകൃതിയുടെ ഉദാത്ത പ്രതീകമാണ്. ബലിപീഠത്തിൽ മണ്ണ് (കാർമ്മികൻ, അപ്പവീഞ്ഞുകൾ), വെള്ളം, അഗ്നി, വായു, ആകാശം എന്നീ എല്ലാ വസ്തുതലങ്ങളും ഉണ്ട് എന്ന് സൂക്ഷ്മപഠനത്തിൽ നാം കാണുന്നു. പരിശുദ്ധ സഭയാകുന്ന കൂടാരത്തിലെ കൂടിവരവിൽ സർവ്വ പ്രപഞ്ചവും സമ്മേളിച്ച് "നമ്മുടെ രക്ഷയ്ക്കുവേണ്ടി വന്നവനും നമ്മുടെ പുനരുത്ഥാനത്തിനും നിത്യമായ നവീകരണത്തിനുമായി വരുവാനിരിക്കുന്നവനുമായ മശിഹാതമ്പുരാനോട്" അപേക്ഷിക്കുന്നതാണല്ലോ ആരാധന. അവിടെ ക്രിസ്തുവിന്റെ മഹാപൗരോഹിത്യത്തിൽ 'രാജകീയ പുരോഹിതവർഗ്ഗവും വി. ജനവുമായ' പ. സഭ സമ്മേളിതമാവുകയാണ്!

കൂടിവരവിന്റെ ശുശ്രൂഷയിൽ പട്ടക്കാരനോ, മേൽപട്ടക്കാരനോ, സഭാദ്ധ്യക്ഷനോ, ആര് ആദ്ധ്യക്ഷം വഹിച്ചാലും ഫലം സമമാണ്. കാർമ്മികന്റെ സ്ഥാനവലുപ്പം അനുസരിച്ച് കർമ്മവസ്തുവിനോ, ഫലസിദ്ധിക്കോ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നില്ല. അതുപോലെ തന്നെ ആരു വി. കുർബാനയ്ക്കു നേതൃത്വം നൽകുന്നുവോ ആ പുരോഹിതസ്ഥാനിയാണ് ക്രിസ്തുവിന്റെ സ്ഥാനത്തു നിലകൊണ്ട് പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിക്കുന്നത്. ഉയർന്ന പൗരോഹിത്യസ്ഥാനികൾ സന്നിഹിതരെങ്കിലും ഇതിൽ മാറ്റമോ, വ്യത്യാസമോ ഇല്ല. സ്ഥാനത്തിൽ മുതിർന്നവർ ഉണ്ടെങ്കിൽ ഉചിതമായ അവസരങ്ങളിൽ അവരോട് 'ബാറെക്മോർ' പറഞ്ഞ് അനുഗ്രഹം പ്രാപിക്കുകയും അനുവാദം ചോദിക്കുകയും ചെയ്യുന്നതിൽ തെറ്റില്ല; ആയത് ചെയ്യുന്നത് സഭയുടെ ക്രമത്തിൽ ഉചിതവുമാണ് എന്നു മാത്രം. "പദവിയിൽ നിലകൊള്ളുമ്പോൾ കാർമ്മികൻ കർത്തൃസ്ഥാനത്താണ്. പദവിയിൽ നിന്ന് ഇറങ്ങുമ്പോൾ പട്ടത്വപദവിയിൽ ഉയർന്ന സ്ഥാനികൾ ഉണ്ടെങ്കിൽ അവർക്ക് നേതൃത്വം നൽകാം" എന്ന് അച്ചൻ ചൂണ്ടിക്കാട്ടുന്നു.

കൂടിവരവ് സ്നേഹത്തിന്റെയും ഐക്യത്തിന്റെയും അഖണ്ഡതയുടെയും

ഉയർന്ന പ്രതീകമാണെന്നും ബഹു. അച്ചൻ വേദപുസ്തകത്തിന്റെയും പിതാക്കന്മാരുടെ എഴുത്തുകളുടെയും പിൻബലത്തിൽ വ്യക്തമാക്കുന്നുണ്ട്.

കൂടിവരവിൽ (കൂറോബൊ) നടക്കുന്ന വി. അർപ്പണം (കുർബോനോ) മനുഷ്യകുലത്തിന്റെ നിത്യരക്ഷയുടെ അനുഭവമായതിനാൽ ആയത് 'സ്തോത്രാർപ്പണം' (Eucharist) ആകുന്നു. "എടുത്ത് വാഴ്ത്തി സ്തോത്രം" ചെയ്തു കൊണ്ടാണല്ലോ ക്രിസ്തുശിഷ്യന്മാർക്ക് വിശുദ്ധ രഹസ്യം നൽകിയത്. അപ്പോസ്തോലന്മാരുടെ പഠിപ്പിക്കലുകളിലും (ഡിഡാക്കേ 9:1) വി. ഇഗ്നാത്തിയോസിന്റെയും (+ 107) വി. ജസ്റ്റിൻ മാർട്ടിയറിന്റെയും (+ 156) ലേഖനങ്ങളിലും തുടർന്നുള്ള സഭാപിതാക്കന്മാരുടെ പഠിപ്പിക്കലുകളിൽ ഉടനീളവും വി. കുർബാനയെ Eucharist അഥവാ സ്തോത്രാർപ്പണമെന്ന് പ്രത്യേകം പ്രതിപാദിക്കുന്നു. "ഈ കുർബാന ... സ്തോത്രവുമാകുന്നു"വെന്നും തുടർന്ന് കാർമ്മികൻ 'ഭയഭക്തിയോടെ നമുക്കു കർത്താവിനെ സ്തോത്രം ചെയ്യാ"മെന്ന് ആഹ്വാനം ചെയ്യുമ്പോൾ "ഭയഭക്തിയോടെ കർത്താവിനെ സ്തോത്രം ചെയ്യുന്നത് യുക്തവും ന്യായവുമാകുന്നു"വെന്നുള്ള അസന്നിഗ്ദ്ധമായ മറുപടി വിശ്വാസസമൂഹം പ്രതിവാക്യമായി പറയുന്നു.

വിശ്വാസികളുടെ സ്തോത്രാർപ്പണമായ വസ്തുക്കളാണല്ലോ യാഗവസ്തുവായി സ്വീകരിച്ച് ബലിപീഠത്തിനു സമർപ്പിച്ച് ജീവന്റെ അപ്പവും പുളിമാവുമായി തിരികെ നൽകപ്പെടുന്നത്. പ്രകൃതിയിൽ നിന്നും സാധാരണ ഭക്ഷണവും മറ്റ് എല്ലാ വിഭവങ്ങളും സ്വീകരിക്കുമ്പോഴൊക്കെയും അവ സ്തോത്രത്തോടെ മാത്രം സ്വീകരിക്കണമെന്ന തത്വവും ഇവിടെ ഓർക്കേണ്ടതാണ്. 'ഞങ്ങൾ നിനക്കും ... സ്തുതിയും സ്തോത്രവും കരേറ്റുന്നു" എന്ന് പ്രാർത്ഥിക്കുന്നു. ത്രിത്വസ്തുതിപ്പോടെയും സ്തോത്രത്തോടെയുമാണ് പരിശുദ്ധ സഭ എല്ലാ പ്രാർത്ഥനകളും ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും.

മനുഷ്യാവതാരം മനുഷ്യബുദ്ധിക്ക് അപ്രാപ്യമായതിനാൽ അതിനെ രഹസ്യം എന്ന് നാം വിശേഷിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ആ മനുഷ്യാവതാര വ്യാപാരത്തിന്റെ അനുസ്മരണയും അപ്പവീഞ്ഞുകളുടെ രൂപാന്തരമായി ലഭിക്കുന്ന തിരുശരീരരക്തങ്ങളും വി. രഹസ്യങ്ങളായി (Holy mysteries റോസേ കാദീശേ) ആയി നിലനിൽക്കുന്നു. വി. കുർബാനയെ 'രഹസ്യം' എന്ന് വിശേഷിപ്പിക്കുന്നത് ഇതിനാലാണ്. ഈ രഹസ്യം വിശുദ്ധിയും വെടിപ്പുമുള്ള 'എനിക്കും എൻ വീട്ടുകാർക്കും' മാത്രം നൽകപ്പെടുന്നു! വി. രഹസ്യത്തെ ദൈവികമർമ്മം എന്നും വിശേഷിപ്പിക്കുന്നുണ്ട്.

'രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുമ്പോൾ അവരുടെ മദ്ധ്യത്തിൽ വസിക്കുന്നവൻ പ. സഭയിൽ എല്ലായ്പ്പോഴും ഉണ്ടെന്നും അങ്ങനെ ഇടവക കൂടിവരുന്ന ആരാധന 'അനുഗ്രഹവും സമാധാനവും ബലിയും സ്തോത്രവുമാകുന്നു" എന്ന് ആവർത്തിച്ച് ഓർമ്മിപ്പിച്ചുകൊണ്ടാണ് ബഹു. അച്ചൻ ഒന്നാം അദ്ധ്യായം അവസാനിപ്പിക്കുന്നത്.

◆

പരിശുദ്ധ ശ്ലീഹന്മാരെപ്പറ്റിയുള്ള ഒരു സുറിയാനി ഗീതം

രചന: ഡെറിൻ രാജു

ܛܘܒܐ ܠܫܠܝ̈ܚܐ ܕܡܪܢ. ܬܪܥܣܪ ܫܠܝ̈ܚܐ ܩܕܝ̈ܫܐ
ܛܘܒܐ ܠܟܪ̈ܘܙܐ ܕܡܠܬܐ. ܐܪ̈ܕܝܟܠܐ ܕܗܝܡܢܘܬܐ.
ܒܐܝܕܝܗܘܢ ܡܠܬܐ ܕܡܪܢ ܢܦܩܬ ܠܐܪܒܥ ܦܢ̈ܝܬܐ.
ܐܙܠܘ ܫܠܝ̈ܚܐ ܩܕܝ̈ܫܐ ܒܚܝܠܐ ܕܪܘܚܐ ܩܕܝܫܐ
ܫܕܪܬܗ ܠܚܟܝܡܐ ܠܟܠ ܐܪܥܐ. ܬܐܘܡܐ ܘܐܘܪ ܠܗ ܠܗܢܕܘ
ܕܫܕܪ ܐܠܗܐ ܫܠܝܚܐ ܠܥܕܬܗ
ܐܝܟ ܪܥܝܐ ܫܪܝܪܐ ܘܚܟܝܡܐ܀

പന്ത്രണ്ട് പരിശുദ്ധ അപ്പോസ്തലന്മാരായ കർത്താവിന്റെ ശ്ലീഹന്മാർക്ക് ഭാഗ്യം! വിശ്വാസത്തിന്റെ ശിൽപ്പികളായ വചനത്തിന്റെ പ്രഘോഷകർക്ക് ഭാഗ്യം! അവരിലൂടെ കർത്താവിന്റെ വചനം നാനാഭാഗങ്ങളിലേക്ക് പുറപ്പെട്ടു. ഭൂമിയിലുള്ള എല്ലാവരിലേക്കും പരിശുദ്ധ റൂഹായുടെ ശക്തിയാൽ ശ്ലീഹന്മാർ പുറപ്പെട്ടുപോയി. ബുദ്ധിമാനായ സത്യ ഇടയനായി മാർത്തോമാ ശ്ലീഹായെ ഇന്ത്യയിലേക്ക് അയച്ച ദൈവമേ! അങ്ങേയ്ക്ക് സ്തുതിയും നന്ദിയും.







വി. എഫ്. ദേവസിക്കുട്ടിക്ക് ബഥാന്യ പുരസ്കാരം

പത്തനംതിട്ട: ബഥനി ആശ്രമ സ്ഥാപകൻ അലക്സിയോസ് മാർ തേവോദോസിയോസിന്റെ സ്മരണാർഥമുള്ള മാർ തേവോദോസിയോസ് ബഥാന്യ എക്സലൻസി പുരസ്കാരം (50,000 രൂപ) വി. എഫ്. ദേവസിക്കുട്ടിക്ക്. ആലപ്പുഴ മെഡിക്കൽ കോളജിൽ അനാഥരായ രോഗികൾക്ക് ആഹാരവും പരിചരണവും നൽകുന്ന വ്യക്തിയാണ് ദേവസിക്കുട്ടി. 6-ന് വൈകുന്നേരം ബഥനി ആശ്രമത്തിൽ പ. കാതോലിക്കാ ബാവാ പുരസ്കാരം സമ്മാനിക്കും.



എഴുകോൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായി അഡ്വ. ബിജു എബ്രഹാം ചുമതലയേറ്റു. അമ്പലത്തുംകാല മാർ യാക്കോബ് ബുർദ്ദാന ഓർത്തഡോക്സ് പള്ളി ഇടവകാംഗവും ഇടവകയുടെ മാനേജിംഗ് കമ്മിറ്റി അംഗവും കൊട്ടാരക്കര - പുനലൂർ ഭദ്രാസന കൗൺസിൽ അംഗവുമാണ്.

Meditation

Words of Sweetness

(Meditational Thoughts)

Mylapra Mathews Ramban

Meditational Prayers

Some aspects helping one to pray the right way


1. Stand on our knees at a place where there are no external disturbances.
2. To distance everything that causes obstruction to our thoughts on God, we should try our best to keep our God in our mind who keeps listening to what all we say.
3. Keep in mind that our God, who is our Father and our Creator as also one who loves us in wholeness, keeps listening to our supplications and gives answers to them.
4. Whatever we pray should be at a slow pace and in fear of God.
5. What more we have to say shall be told as a child says to his father.
6. God loves us and so, we shall pray with total concentration.
7. Our God is Almighty and Holy; therefore, we shall be maximum pious before Him.

Evening Prayer

Our Father in Heaven, Almighty, Holy and full of Love! I praise You that You have protected me throughout this day. I beseech before You for Your protection through this coming night as well. I praise You for all Your blessings today such as physical wellness, food, clothing and the like You have provided. (Any specific blessings of the day shall be pointed out here and praises be offered). Please guide me O God in Your Grace to find out the wrongs I did today. Amen.

Self Examination

1. Was I too selfish this day in thoughts and deeds?
2. Did I do anything or say anything that was not true?
3. Did I enjoy myself in wrong thoughts or words or deeds today?
4. Was I angry with any person today?
5. Did I turn away from any opportunity that came across me to help others?
6. Was I a disciplined one throughout the day?
7. Did I say anything to anyone that was not true?
8. Was I sincere to my tasks as an employee today? (Was I showing interest in my work?)
9. Did I show laziness in my prayers today?
10. Did my thoughts waver during my prayers today?



11. Did I belittle or blame anyone in thoughts or deeds today?
12. Was there any sort of jealousy or pride in me today?
13. Did I disobey any orders from my superiors today?
14. Did I do anything today against the Ten Commandments?

(More such questions can be raised for a self examination)

Prayer

O Lord our God, I confess before You that I have sinned against You in my thoughts and deeds today. (Sins identified during the self examination should be narrated here). Make me repent about all these sins. Let Your Grace help me realize Your Holiness, Your Love for me as well as Your hatred against sin. Help me to change my attitude to do more and more good deeds. Lord, I beseech before You that You bless my parents, my brothers and sisters, my relatives as well as my friends. (Names of each one of these should be specifically mentioned and pray for them). Let all these whom I know come to know You and Your love. Make me love everyone and seek their good fortunes. Bless all those who are praying for me as also doing good deeds for me.

All of us and all those Christians in our country as also Hindus and people identified as low castes come to know You and Your love; also, let them love mutually. O my Lord, let me understand that You are watching me during day time as also during the night. Lord, be merciful to protect me from all sinful deeds I may commit in the night. Allow me to get up in the morning and serve You in truth for which comfort me in sleep and allow me total relaxation. O my Lord, protect me from bad dreams. O Virgin Mother, be our watchwoman during day time as also during the night as well.

Prayer in Bed before Sleep

Oh my Redeemer, my Lord and my all and all, fill my heart, a servant of You, a sinner, with Your immeasurable Holy thoughts, this moment. May Your angels, Your Father and Your Holy Spirit guard me through this night. Sanctify my heart from dirty dreams and bad thoughts. I place by body and my soul in Your Holy Hands. Let my rising in the morning be to glorify Your Holy name. Amen.

Prayer in the Morning

Oh, my loving God, my Father, I offer my praises for taking care of me throughout this night. I beseech before You to guard my body and my soul throughout this day as well. Oh my God, teach me to have a true perception of You. My God, be merciful that You reveal Yourself before me. Make me understand how much You love all of us and how Holy You are. Give me the strength and courage to perceive what I must do and make me do it.

Oh my God, help me to be faithful to You in everything You have taught me. Provide me enough strength to overcome all temptations leading me to evil traits. May I be sanctified in my words and my thoughts. May I discard all evil deeds from my life. May I win over all temptations those are filled with jealousy and frauds. May I be sincere wherever I am. May I be strong enough not to tell lies before others. May You help me not to cheat others. I may not be counted good more that what really I am. May I discard all deeds those are filled with fraudulent things. (Seek help for all things those are to be performed during the day). May I be enthusiastic and interested in my work. Make me disciplined and humble. Convey Your will for me and help me to perform as per Your will. Guard my dear parents, my brothers and sisters, my relations and my friends during this daytime and bless them. (Names of such persons should specifically mentioned while praying for them). Guard me against all quarrels and help me behave peacefully forgetting such quarrels. Help all my friends to seek You and know You and serve You.

Submission

What can I give You in return to what all You have given me! I submit before You my Heart, my Love, my sense organs and their wholesome power like my thoughts, my intellect and my memory; I submit before You all my promises, my youth, my poverty, my discipline and each and everything I posses likewise. I submit before You all my friends, all my dear ones and all those who are under my custodianship and all my wealth to You for Your care.

A Prayer for those who are under tribulations And for those who are sick

Oh my loving Father and my God! Be merciful on all those who are undergoing different sorts of tribulations all over the world, particularly in our country. Lord, may You be their refuge and cover. Lord, be merciful to feed those who are suffering from acute hunger and starvation. May your ears be open to their hunger and lamentations! Lord, may You be the custodian taking care of those who have nobody with them. . Lord, may You be the caretaker of widows and children who are orphans as also those who are undergoing different types of sufferings. Oh Lord, be merciful on those who are suffering from leprosy. Lord, may Your kindness be with those who are wandering due to illness or poverty or torture and may You provide solace for them. Oh Merciful God, be your healing touch be on all those suffering from different kinds of illness to cure them that they are physically strengthened.



Oh Lord, great healer of our body and spirit! Be merciful on all those who come to your feet. Oh Lord, bless me in Your Grace that I forget everything and extend helping hands to all such people. Lord, may I do not have any respect or position matching this world. Oh my Lord, I need Your Grace for just this one; to lead a poor life and serve those who are sick and poor. May I pass away from this world seeking nothing beyond these and to serve You and You alone. Amen.

Momentary Prayers

(A) Oh Lord, my God! You forget me that I recall You. You discard me that I obey You. You neglect me that I seek You. You hate me that I love You. You humiliate me that I glorify You. You annihilate me that I live in You. Amen.

(B) Oh my Lord and Messiah, my redeemer, fill me with Your love. Help me use my lifespan for glorifying Your Holy name. Lord, let me not die in my sins. May Your Holy Spirit lead me through all my ways. May You be my guide as I walk and custodian with my thoughts. May I do nothing to glorify me. May my hard work is for knowing You more and loving you more but not for my honor. Oh my Lord, may I be protected under Your wings of mercy and taken care in Your long lasting forgiveness. Amen

A Prayer of Enhancing Love for God

Oh Lord and my God, enhance my true love for You. Open my eyes that I see Your miraculous love. For that, fill me with Your love that is invisible. . Oh my Lord and my Redeemer, be not far from me. Oh Lord, destruct anything and everything those stand in the way for me to come closer to You and get filled in Your love. At all times, may

Your will rule over me. Let not me live even a second in my will. May the power of Your inexplicable love show me the right way and protect me. Oh my Lord and my Messiah, let Your love glow in me. As You laid down Your life for me, let me be prepared to die for glorifying You. Amen.

Whenever sinful thoughts enter our mind, We shall pray any of these small prayers

1. Oh my God, redeem me from the power of Satan.
2. Oh Holy God, remove all evil thoughts from me.
3. Oh my God and Lord, redeem me from anger and all thoughts of anger.
4. Oh my God, be merciful on me, a great sinner.
5. Oh my God, the center of truth, teach me to say truth.
6. Oh my God, extend Your help to me.
7. Oh merciful Jesus, my Lord, take care of me as sanctified.
8. Oh my God, provide me Your Holiness.
9. Oh my Lord, provide me true humility, love, discipline and chastity.
10. Oh my Lord, my Messiah, discard feelings of arrogance and jealousy from me.
11. Oh my God, fill me with Your Holiness.
12. Oh My Lord, Jesus Christ, let the humility in You and in Your mother be there in me too.

Prayer for Church

Oh Lord our God, our Messiah, bless our Church and our High Priests, Priests, Deacons and others in the Church. May You discard quarrels and differences and provide peaceful days to our Church. Amen.

Supplication before Son of God for enhancing love

Oh my Lord, You have loved me in Your powerful Love. Apart from my selfishness, You have loved me. In Your mercy, please open Your ears to this servant of Yours.

Oh my Lord, my loving Lord, You be my wholesome love!

Oh my Redeemer, loving Redeemer, You be my wholesome love!

Oh my king, loving king, You be my wholesome love!

Oh my Shepherd, loving Shepherd, You be my wholesome love!

Oh my Savior, loving Savior, You be by wholesome love!

Oh my loving Jesus, my Redeemer, You be my wholesome love!

Oh my loving Jesus, my Light, You be my wholesome love!

Oh my loving Jesus, my Joy, You be my wholesome love!

Oh my loving Jesus, my Hope, You be my wholesome love!

Oh my loving Jesus, my Strength, You be my wholesome love!

Oh my loving Jesus, my Refuge, be my wholesome love!

Oh my loving Jesus, my Benefaction, be my wholesome love!

Oh my loving Jesus, my Wealth, be my wholesome love!

Oh my loving Jesus, my Good Friend, be my wholesome love!

Oh my loving Jesus, my Appreciation, be my wholesome love!

Oh my loving Jesus, my Honor, be my wholesome love!

Oh my loving Jesus, my Glory, be my wholesome love!

Oh my loving Jesus, my Everything, Be my wholesome love!

Oh Jesus, you be my wholesome love!

Help me lead a life that is for Your Glory and Your Kingdom and not of my glory. You be my wholesome love always. May Your eternal love be continuous this moment and throughout my life span and that You and You alone be my love. Oh my Lord Jesus of sweetness personified, let not me be separated from Your love in shyness or in fear or in sufferings or in laziness! Oh my Lord Jesus of sweetness personified, let me not be separated from Your love! Oh my Lord Jesus, senseless worldly targets of life or meaningless dreams or purposeless desires or jealousy or quarrels or bodily desires or sexual desires or desires of sights or scenes or unhealthy reading materials or expectations about life or arrogance or my own strength or my smartness or falsities or hypocritical show off or selfishness or undisciplined ways or imperativeness or reliance on me or strength or love in me or desire to take care of me or my past sins or getting satisfied in me or any damaging enjoyment or worries about tomorrow or fear about future or unholy thoughts or unholy looks or unholy dialogues or thoughts without love or lack of interest in truth or desire to move in line with worldly comforts or my time or objects in my possession or any gifts you have bestowed on me and the unfaithful ways and means of utilizing them as well as lack of grace or lack of respect or lack of praying habit or friends or home or surroundings or engagement or homely comfort or sorrows at home or desire to earn popularity in the community or desire to earn respect or fear of loss or illness or short span of life or death , or whatever be ….. My sweet Jesus, let me not be separated from Your love. Oh my Lord, my God, save me from everything that spoils or dilutes or freezes or disturbs my love for You. My love for You is just like a lamp that is glowing faintly. My Lord, Oh Jesus, come to me when Your great love illuminates that faint light. Oh Jesus , come to my spirit, fill my spirit in Your love. Oh my Lord, let my heart not die in itself, but to align with Your love, You be merciful to enlighten my heart. Amen.

Morning Prayer

Oh Lord our God, bless all our handiwork these days; lead us through the right ways in Your thoughts and pieces of advice. We are coming near You to offer ourselves on this day of ours for the immeasurable Glory of Your Holy name; Oh Lord, Our Messiah, be merciful to accept our offerings at Your feet this time along with Your goodness and holiness.

May all our words this day be in Your Holy name, Oh God. This day, may Your strength be our helm in all our labor. Take care of us Oh Lord in Your power. May Your wisdom advise us. May Your eyes guard us. May Your ears listen to our prayers and petitions. May we be made spiritual in Your Holy words. Take care of us in Your Holy hands. Lead us through Your ways. May Your shield protect us from enemies. May Your uncountable heavenly army guard us from the trials with the nets and traps of satan, from the trials of the evil forces, from the ways to evil deeds, from those who speak ill against us nearby or far off, alone or in groups, or from those forming friendships

against us. May our total reliance in You be our refuge and fortress. Oh merciful Lord, our God, may You be with us these days, in front of us, in us, below us, above us, on our right, in the hearts of all to whom we exchange words and on tongues and eyes of all those who speak to us and with the eyes of those who hear us. We beseech before You with the infinite Grace and power of Holy Spirit as we are engaged in our labor today; May Your redemption be with us at all times. Amen.

Prayer to offer us before the presence of our God

Oh Lord our God, from now onwards, guard us in our moving out and moving in. May You engage Your angels to take care of us this day in all our ways. May we move our steps today in line with Your Holy words. Let there be no evil then to rule over us. Amen.

Thanks Giving Prayer in the Evening

Oh God, our Lord, most merciful and most compassionate, there is no one as Holy and as Great as You are. We beseech before You that You sanctify our hearts and lips and mind and soul and thoughts and all our wants before we offer our praises to You from our hearts filled with gratitude for You.

Oh God! You are our Creator and our Custodian; as such, we praise You and glorify You. Oh Lord, our Messiah! You are our Redeemer; as such, we worship You and bow before You. Oh Holy Spirit, our God! You are sanctifying us; as such, we glorify You. O Lord, Almighty! You are there from the beginning and You are there at this moment; You are the tranquility of this universe and You are the joy of eternal Kingdom of Heaven. Oh my God, the most Holy One! You have revealed Yourself before Your Church that is catholic in nature and we are the members therein; as such, we offer our praises to You. We glorify You for our parents and their love and affection for us.

We glorify You for our Church that systematically celebrates our liturgical worship and enlightens us with true pieces of advice about the mystery of our faith. We praise You for our High Priests and Priests of Your Church and for the blessings the Church provides us through them for our souls. We praise You in abundance for Your passing over to us the Holy Mysteries those are means of Your invisible Grace. We Praise You for our re birth through Holy Baptism, for our anointment with Holy Chrism and for remission of our sins through the Holy Mystery of Confession. We praise You for the opportunities You have provided us for our participation of Holy Eucharist. We praise You that that You have called us for praying and thanks giving. We praise you for Your having provided us all sorts of blessings, Your immeasurable Providential Mercy and in particular, for our physical well being, for our good friends, for our brothers and sisters as well as for Your taking absolute care of us. In particular, we praise You for all Your blessings and Your helping hand on this particular day. Oh my soul, glorify our Lord. Oh all my possessions, praise His Holy Name. Oh my soul, glorify our Lord. Let us not forget all His provisions for us. Let our God be glorified higher in the heaven, let there be peace down on the earth and let all humans be well taken care of. We praise You and glorify You. We worship You and bow before You. We bow before You, we praise You and we glorify You. Oh God, our Heavenly Father, Oh Almighty Father, We praise You for Your great glorification. You alone are our Lord, You alone are our enchanting Love. Oh our Lord, our Messiah, You and You alone are glorified together with God, our Father and God, our Holy Spirit. Amen.

(to be continued)



കോട്ടയം ഓർത്തഡോക്സ് സെമിനാരിയിലെ തിയോളജിക്കൽ, ഹിസ്റ്റോറിക്കൽ അസ്സോസിയേഷനുകളുടെയും ആർട്സ് &സ്പോർട്സ് ക്ലബ്ബുകളുടെയും സംയുക്ത ഉദ്ഘാടനം സെനറ്റ് ഓഫ് സെറാമ്പൂരിന്റെ പ്രസിഡന്റ് ഡോ. സഖറിയാസ് മാർ അപ്രേം നിർവഹിച്ചു. നട്ടാശ്ശേരി സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകാംഗമായ ബെൻ വർഗീസ് ചെറിയാൻ ഗസ്സൽ ആലപിച്ചു.

മാർ അത്താനാസിയോസ് സ്പെഷ്യൽ ചൈൽഡ് ഫണ്ട്

ചെങ്ങന്നൂർ: ഭദ്രാസനത്തിലെ ഡിസൈബിൾ ആയ കുഞ്ഞുങ്ങളെ സഹായിക്കുവാൻ ആരംഭിക്കുന്ന മാർ അത്താനാസിയോസ് സ്പെഷ്യൽ ചൈൽഡ് ഫണ്ടിന്റെ ഉദ്ഘാടനം പിരളശ്ശേരി കാതോലിക്കേറ്റ് സിംഹാസന പള്ളിയിൽ വച്ച് ഓഗസ്റ്റ് 6-ന് നടക്കും. ബാലസമാജം ഭദ്രാസന വാർഷിക സമ്മേളനത്തിൽ വെച്ച് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ ഭദ്രാസന സെക്രട്ടറി ഫാ. പി. കെ. കോശിയ്ക്ക് നൽകി ഉദ്ഘാടനം നിർവഹിക്കും.



ദമാം സെന്റ് ദിവന്നാസിയോസ് ഡെസേർട്ട് ലാൻഡ് ഇടവകയുടെ കുടുംബ സംഗമവും ഇടവക പണിതു നൽകിയ വീടിന്റെ കൂദാശയും താക്കോൽ ദാനവും ജൂലൈ 23-നു അട്ടപ്പാടി സെന്റ് തോമസ് ആശ്രമത്തിൽ വച്ച് വിശുദ്ധ കുർബ്ബാനയോടുകൂടി ഫാ. തോമസ് വർഗീസിന്റെ അദ്ധ്യക്ഷതയിൽ നടന്നു. എം. ഡി. യൂഹാനോൻ റമ്പാൻ, പോൾ റമ്പാൻ, ഫാ. വർഗീസ് ജോസഫ് ഫാ. സുനിൽ, സി. പി. മാത്യു, സാജൻ സ്കറിയ എന്നിവർ ആശംസകൾ അറിയിച്ചു.

വചനതീർത്ഥം



"സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ"


പെന്തിക്കോസ്തിക്കുശേഷം പത്താം ഞായർ.
കർത്താവിന്റെ മറുരൂപപ്പെരുന്നാൾ
വി. മത്തായി 18: 1-14, വി. ലൂക്കോസ് 9: 27-36

ഫിലിപ്പോസ് റമ്പാൻ
(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

സഭയുടെ ആരാധന വർഷത്തിലെ അഞ്ചാമത്തെ കാലം ആയ പെന്തിക്കോസ്തി കാലഘട്ടം അവസാനിച്ചു. ആറാമത്തെ തേജസ്ക്കരണ കാലഘട്ടത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഈ കാലഘട്ടം കൂടാരപെരുന്നാൾ (മറുരൂപപ്പെരുന്നാൾ, തേജസ്ക്കരണപ്പരുന്നാൾ) മുതൽ സ്ലീബാപെരുന്നാളിന്റെ തലേദിവസം വരെ നീണ്ടുനിൽക്കുന്നു. കർത്താവ് മറുരൂപമലയിൽ ചെന്ന് പ്രത്യേക ദൗത്യം പൂർത്തീകരിക്കുന്നു, പത്രോസും, യാക്കോബും, യോഹന്നാനും യേശുവിനോടൊപ്പം ഉണ്ടായിരുന്നു. കൂടാതെ ദീർഘദർശിമാരിൽ തലവനായ മോശയും, ഏലിയാവും അവിടെ പ്രത്യക്ഷപ്പെടുന്നു. യേശുതമ്പുരാൻ അനുഭവിക്കുവാൻ പോകുന്ന കഷ്ടപ്പാടിനെയും മരണത്തെക്കുറിച്ചും ഒക്കെ ഉള്ള ഒരു ഓർമ്മപ്പെടുത്തൽ. സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള സംഗമസ്ഥാനമായി മറുരൂപമല മാറുന്നു. ഈ പെരുന്നാൾ ഏറ്റവും പ്രാധാന്യമുള്ള ഒരു പെരുന്നാളായി നാം കൊണ്ടാടുന്നു. കൂടാതെ ആഗസ്റ്റ് മാസം ഒന്നു മുതൽ പതിനഞ്ചുവരെയുള്ള ദിവസങ്ങൾ പരിശുദ്ധ മാതാവിന്റെ വാങ്ങിപ്പുപെരുന്നാളിനോടനുബന്ധിച്ചുള്ള പതിനഞ്ചു ദിവസത്തെ നോമ്പായി നാം അനുഷ്ഠിക്കുന്നു.

പരിശുദ്ധ സഭയുടെ പാരമ്പര്യപ്രകാരം വിവിധ നോമ്പുകൾ നാം അനുഷ്ഠിക്കുന്നു. പ്രധാനമായി അഞ്ചു നോമ്പുകൾ ആണ് നമുക്കുള്ളത്. നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവവും മരണവും ഉയർത്തെഴുന്നേൽപ്പും എല്ലാം ധ്യാനിച്ചുകൊണ്ട് അൻപതു ദിവസവും കർത്താവിന്റെ ജനനപ്പെരുന്നാളിന് മുമ്പായി ഇരുപത്തിയഞ്ചു ദിവസത്തെ യൽദോ നോമ്പും നാം ആചരിക്കുന്നു. കൂടാതെ പരിശുദ്ധ മാതാവിന്റെ വാങ്ങിപ്പുപെരുന്നാളുമായി ബന്ധപ്പെടുത്തി പതിനഞ്ചു നോമ്പും നമ്മുടെ കർത്താവിന്റെ ശിഷ്യന്മാരായ അപ്പോസ്തലന്മാരെ ഓർത്തു പതിമൂന്നു നോമ്പും യോനാ ദീർഘദർശിയുടെ ഓർമ്മയോടനുബന്ധിച്ച് നിനവെ നോമ്പും നാം അനുഷ്ഠിക്കുന്നു. ഈ അഞ്ചു നോമ്പുകൾ കൂടാതെ ആഴ്ചയിൽ രണ്ടു പ്രാവശ്യം ബുധനും വെള്ളിയും നോമ്പനുഷ്ഠിക്കണമെന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു.

നോമ്പ് അനുഷ്ഠാനങ്ങൾ ഓർത്തഡോക്സ് സഭയുടെ വിശ്വാസത്തിന്റെ അടിത്തറയാണ്. ഭക്ഷണവർജ്ജനമല്ല നോമ്പിന്റെ പ്രധാന ഘടകം. ഭക്ഷണവർജ്ജനത്തോടെ മനസ്സിനെയും ഹൃദയത്തെയും ചിന്തകളെയും ഏകാഗ്രമാക്കി പ്രാർത്ഥനയിലും ജാഗരണത്തിലും ജീവിതത്തെ ക്രമീകരിക്കുക. നമ്മെ ദൈവീകരാക്കുവാൻ തക്കവണ്ണം പിതാക്കന്മാർ ഏർപ്പെടുത്തിയിരിക്കുന്ന ചില നിഷ്ഠകളാണിവ. ഈ നിഷ്ഠകൾ കൃത്യമായും ആത്മാർത്ഥമായും പാലിക്കുവാൻ നമുക്കു സാധിക്കണം. ഇവ അനുഷ്ഠിക്കുന്നതു മൂലം എപ്പോഴും ഒരു ദൈവിക സാന്നിധ്യബോധം നമുക്കുണ്ടാകും. മനുഷ്യന് പത്ത് ഇന്ദ്രിയങ്ങൾ ഉണ്ട്. അഞ്ച് ബാഹ്യവും അഞ്ച് ആന്തരികവും. ബുദ്ധി, ബോധം, ഇച്ഛ, വികാരം, മനസ്സ് എന്നീ ആന്തരിക അവയവങ്ങളും കണ്ണ്, മൂക്ക്, നാക്ക്, ത്വക്ക്, ശ്രവണം മുതലായ ബാഹ്യ അവയവങ്ങളും. ഇവയെ നിയന്ത്രിക്കുവാനുള്ള വിവേകവും കരുത്തും കഴിവും ഉണ്ടാകുന്നത് ഇപ്രകാരമുള്ള ധ്യാനത്തിലൂടെയും പ്രാർത്ഥനകളിലൂടെയും ഉപവാസ അനുഷ്ഠാനങ്ങളിലൂടെയുമാണ്. ഈ നോമ്പ് നാം അനുഷ്ഠിക്കുന്നതിലൂടെ പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥത നമുക്ക് കൂട്ടും കോട്ടയുമായിരിക്കട്ടെ.



മറുരൂപമലയിലെ രൂപാന്തരം താഴ്‌വരയുടെ അനുഭവത്തിലേക്കു നമ്മെ നയിക്കുന്നു

ആറു ദിവസം കഴിഞ്ഞശേഷം യേശു പത്രോസിനെയും യാക്കോബും യോഹന്നാനെയും കൂട്ടി ഒരു ഉയർന്ന മലയിലേക്ക് തനിച്ചുകൊണ്ടുപോയി അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു (വി. മർക്കോസ് 9:2). വി. മത്തായിയുടെ സുവിശേഷത്തിലും, വി. മർക്കോസിന്റെ സുവിശേഷത്തിലും വി. ലൂക്കോസിന്റെ സുവിശേഷത്തിലും നമുക്ക് ഈ സംഭവം കാണാൻ കഴിയും. യേശുവും ശിഷ്യന്മാരായ പത്രോസ്, യോഹന്നാൻ, യാക്കോബ് എന്നിവരെ കൂടാതെ മോശയും

ഏലിയാവും ഇവിടെ പ്രത്യക്ഷപ്പെടുന്നു. യേശുവുമായി സംഭാഷണത്തിൽ ഏർപ്പെടുന്ന മോശയും ഏലിയാവും പഴയനിയമത്തിന്റെ രണ്ടു വശങ്ങളെ ചിത്രീകരിക്കുന്നതോടൊപ്പം തന്നെ മാനവസംസ്കാരത്തിന്റെ കാതലായ സത്യങ്ങളുടെ ഉടമകൾ കൂടിയാണ്. യേശുവിന്റെ ദൈത്യത്തിന് അംഗീകാരം നൽകുന്ന ഈ മഹാവ്യക്തികൾ ആരാണ്. സീനായി മലയുടെ മുകളിൽവച്ച് അദൃശ്യനായ ദൈവത്തിന്റെ തേജസ് ദർശിച്ച പ്രഭാവശാലിയായ മോശ, വിമോചകൻ, മലയിൽ നിന്നും താഴ്‌വരയിലേക്ക് ഇറങ്ങിവരുന്നവൻ. ജീവിതത്തിന് ക്രമം നൽകിയവൻ, യുക്തിയും ഭക്തിയും തമ്മിലുള്ള ബന്ധത്തിന് രൂപരേഖ നൽകിയ ശിൽപി. എന്നാൽ ഏലിയാവോ മതത്തിന്റെ അനുഭൂതി അക്ഷരത്തിലല്ല ജീവിതത്തിലാണ് നിലനിൽക്കുന്നതെന്ന് പഠിപ്പിച്ച കർമ്മയോഗി പ്രവാചകന്മാരുടെ പ്രവാചകൻ. മൃദുസ്വരത്തിൽ ദൈവത്തിന്റെ സാന്നിധ്യബോധം ദർശിച്ച ദാർശനികൻ മശിഹായുടെ വരവിനെ വിളിച്ചറിയിക്കുന്ന ദൈവത്തിന്റെ പ്രതിനിധി. ഈ രണ്ടു മഹാവ്യക്തികളും ഈ ഉയർന്ന മലയുടെ മുകളിൽവച്ച് യേശുവിനെ അഭിവാദനം ചെയ്യുന്നു. തങ്ങളുടെ ദൈത്യത്തിന്റെ കൊടി യേശുവിനെ ഏൽപ്പിക്കുന്നു.

അതുല്യനായ യേശുവിനെ കുടിലിൽ താമസിപ്പിക്കുവാൻ പത്രോസ് ശ്രമിക്കുന്നു എങ്കിലും യേശു ആ പരീക്ഷയ്ക്ക് വഴങ്ങിക്കൊടുക്കുന്നില്ല. കൂടാരമടിച്ച് നമ്മുടെ ഇടയിൽ വസിച്ച ദൈവപുത്രന് ഇനിയും ഒരു കുടിലിൽ താമസിക്കേണ്ട സംഗതി ഉണ്ടോ? മറുരൂപമലയിലെ യേശു താഴ്‌വരയിലെ യേശുവായിട്ടാണ് മനുഷ്യവർഗ്ഗത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. അവന്റെ ആളത്തവും പ്രവർത്തിയും മനുഷ്യചിന്തകൾക്കധീതമാണ്. കാരണം ദൈവശബ്ദം കേൾക്കുന്നതും മനുഷ്യന്റെ വേദന കാണുന്നതും ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണെന്ന് അവൻ പഠിപ്പിച്ചു. ഈശ്വരദർശനം പ്രശ്നങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി പോകുന്നതിനുള്ള ഉപാധിയല്ല. പിന്നെയോ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള വെല്ലുവിളിയാണ് നൽകുന്നത്.

മറുരൂപമലയിലെ രൂപാന്തരം ലോകത്തിലെ സ്വർഗ്ഗീയ അനുഭവത്തിന്റെ സാദൃശ്യമാണ്

ആരാധനയിലൂടെയും വിശുദ്ധ ജീവിതത്തിലൂടെയും എത്തിച്ചേരാവുന്ന സ്വർഗ്ഗീയതയുടെ അനുഭവമാണ് തേജസ്കരണം. ജീവിച്ചിരിക്കുന്നവരും മരിച്ചവരും മാലാഖമാരും സിദ്ധന്മാരും സംഗമിക്കുന്ന ദിവ്യസ്ഥാനം. ഭൂമിയിൽ നടന്ന ഈ സ്വർഗ്ഗീയ ദർശനത്തിന്റെ സാക്ഷികൾ പത്രോസും, യാക്കോബും, യോഹന്നാനുമായിരുന്നു. സ്വർഗ്ഗീയ സുഖത്തിന്റെ ദിവ്യാനുഭവത്തിൽ മനുഷ്യാത്മാവിന്റെ ഭാവം പത്രോസ് പ്രകടമാക്കുന്നത് ഇങ്ങനെയാണ് "ഗുരോ, നാം ഇവിടെയിരിക്കുന്നത് നല്ലത്. ഞങ്ങൾ മൂന്നു കുടിൽ ഉണ്ടാക്കട്ടെ. ഒന്ന് നിനക്കും, ഒന്ന് മോശയ്ക്കും, ഒന്ന് ഏലിയാവിനും" (വി. ലൂക്കോസ് 9:33). അലൗകികമായ ആ സന്ദർഭം അവസാനിക്കരുത് എന്ന് പത്രോസ് ആഗ്രഹിക്കുന്നു.

പൗരസ്ത്യ വേദശാസ്ത്ര പാരമ്പര്യത്തിൽ ആത്മീയ ജീവിതത്തിന് നൽകുന്ന മറ്റൊരു നാമം "തേജസ്ക്കരണം" എന്നാണ്. തേജസിൽനിന്നും തേജസിലേക്കുള്ള വളർച്ചയാണ് ആത്മീയ ജീവിതം. ഇത് ഒരു വ്യക്തിയുടെ സമ്പൂർണ്ണമായ തലങ്ങളിലും സംഭവിക്കുന്ന പരിണാമമാണ്. ക്രിസ്തുവിന്റെ സമ്പൂർണ്ണതയിലേക്കുള്ള ഈ വളർച്ചയുടെ ലക്ഷ്യമാണ് മറുരൂപമലയിൽ കാണപ്പെട്ടത്. ആത്മശരീരമനസ്സുകളിൽ സംഭവിക്കുന്ന ഈ പരിണാമത്തിന്റെ ആരംഭം വി. മാമോദീസയിൽ നിന്നാണ്. ആരാധനയിൽ ദൈവമഹത്വത്തിലേക്ക് പ്രവേശിക്കുന്ന വിശ്വാസികൾക്ക് തേജസ്ക്കരണത്തോടൊപ്പം വിശുദ്ധന്മാരോടുള്ള സംസർഗ്ഗവും ലഭ്യമായിത്തീരുന്നു. തേജസ്ക്കരണത്തിന്റെ പർവ്വതം ഈ ലോകത്തിലുള്ള സ്വർഗ്ഗീയ അനുഭവത്തിന്റെ സാദൃശ്യമാണ്. ആരാധനയിലൂടെയും വിശുദ്ധ ജീവിതത്തിലൂടെയും എത്തിച്ചേരാവുന്ന സ്വർഗ്ഗീയതയുടെ ദിവ്യസ്ഥാനമാണത്. മറുരൂപമലയിലെ അനുഭവത്തിലൂടെ ഈ ഭൂമിയിൽ സ്വർഗ്ഗീയ അനുഭവം മുൻ അനുഭവിക്കുന്നതിനായി ഇടയാകുന്നു. ഇത് കൂദാശാനുഷ്ഠാനത്തിലൂടെയും ആത്മീയജീവിതത്തിലൂടെയും ഒരു ക്രിസ്ത്യാനിക്ക് സാധ്യമായിത്തീരുന്നു.

സ്വർഗ്ഗരാജ്യത്തിലെ വലിയവൻ (വി. മത്തായി 18: 1–14)

ഗുരുവിനോടൊപ്പം ഇത്രയും നാൾ സഹവർത്തിച്ചിട്ടും വലിയവൻ ആർ എന്ന ചിന്ത ഇപ്പോഴും ശിഷ്യന്മാരെ ഭരിക്കുന്നു. ക്രിസ്തു ചോദിക്കുന്നു "സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആരാകുന്നു?" ഈ ചോദ്യത്തിന്റെ ശരിയായ മറുപടി മനസ്സിലാക്കുന്നതിനുള്ള പ്രാപ്തി അപ്പോൾ അവർക്കില്ലായിരുന്നു. അതിനാൽ അവരെ നിരാശപ്പെടുത്താതെ അവരുടെ വിചാരങ്ങളെ സ്വാർത്ഥപരമായ ചുറ്റുപാടിൽ നിന്നുയർത്തി സ്വർഗ്ഗമയമായ ഒരു അന്തരീക്ഷത്തിലേക്ക് താൻ അവരെ നയിക്കുന്നു. ദൈവരാജ്യത്തിന്റെ മഹിമാവസ്ഥയെ താൻ അവരുടെ മുമ്പാകെ ചിത്രീകരിച്ചു കാണിക്കുന്നു.

സ്വർഗ്ഗരാജ്യത്തിൽ വലിപ്പച്ചെറുപ്പത്തിന് ഒരു സ്ഥാനവുമില്ല എന്ന് ഇവിടെ കാണാൻ കഴിയും. കർത്താവിന്റെ ഇടത്തും വലത്തും സ്ഥാനം കിട്ടണം എന്ന ആഗ്രഹം പോലും സ്വാർത്ഥപരമാണ്. ശിശുക്കളുടെ മനസ്ഥിതിയോടുകൂടി അന്യോന്യം സ്നേഹിച്ചും ദൈവസന്നിധിയിൽ കഴിക്കുന്ന ഒരു ജിവിതാവസ്ഥ സ്വർഗ്ഗീയമാകുന്നു. എല്ലാ കാര്യങ്ങളിലും പ്രതിഫലത്തോടുകൂടി പെരുമാറുന്ന മനുഷ്യന് യോഗ്യതയനുസരിച്ചുള്ള സ്ഥാനങ്ങൾ കൂടാതെ സ്വർഗ്ഗത്തെപ്പറ്റി ചിന്തിപ്പാൻ പ്രയാസമായിരിക്കും. പക്ഷേ സ്വർഗ്ഗമെന്ന് ക്രിസ്തുവിന്റെ മനസ്സുള്ളവരുടെ സമൂഹമാണെങ്കിൽ, സ്ഥാനമാനമുള്ളവൻ അതില്ലാത്തവനെ പോലെയും, യോഗ്യതയുള്ളവൻ യോഗ്യതയില്ലാത്തവനെപ്പോലെയും ക്രിസ്തുവിനുവേണ്ടി കൂടുതൽ കഷ്ടത സഹിച്ചവൻ സഹിച്ചിട്ടില്ലാത്തവനെപ്പോലെയും മറ്റുള്ളവരെ സ്നേഹത്തിന്റെ ആത്മാവിൽ സഹിച്ചുകൊണ്ട് സമന്മാരെപോലെ പെരുമാറുകയും ജീവിക്കുകയും ചെയ്യണമെന്നുള്ളതിന് യാതൊരു സംശയവും ഇല്ല. മനുഷ്യന്റെ ആത്മികവും ലൗകികവുമായ എല്ലാ ആവശ്യങ്ങളെപ്പറ്റിയും കരുണയുള്ളവനാണ് യേശു. അതിനാൽ നമ്മുടെ ദിവസേനയുള്ള ജീവിതത്തിലും അപ്രകാരമുള്ള ഒരു വിഭജനം നടത്തുന്നത് ശരിയല്ല. ഇതു മനസ്സിലാക്കി മറ്റുള്ളവരുടെ ആത്മീകവും ലൗകികവുമായ ആവശ്യങ്ങളെപ്പറ്റി കരുതലുള്ളവരായിരിക്കേണ്ടത് നമ്മുടെ ധർമ്മമാകുന്നു. അങ്ങനെ മറ്റുള്ളവരെക്കൂടി കരുതുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ വലിയവൻ. അതിനാൽ സമൃദ്ധിയായ ജീവന് വേണ്ടി നിത്യം ദാഹിക്കേണ്ടതും കൂടുതൽ കൂടുതലായി ജീവിന്റെ ഉറവിൽനിന്ന് കുടിക്കുന്തോറും മറ്റുള്ളവർക്കുകൂടി ഈ ഭാഗ്യം അനുഭവമാക്കി കൊടുക്കുവാനും നമുക്ക് കഴിയണം. ഈ പരിശുദ്ധമായ പതിനഞ്ച് നോമ്പനുഷ്ഠാനത്തിലൂടെയും തേജസ്ക്കരണ പെരുന്നാൾ അനുഷ്ഠാനത്തിലൂടെയും അതിനു നാം യോഗ്യരായിത്തീരട്ടെ!

◆




ആർപ്പൂക്കര മാർ ഗ്രീഗോറിയോസ് ചാപ്പലിലെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ചുള്ള ലോഗോ പ്രകാശനം ചെയ്യപ്പെട്ടു. ഫാ. ടി. ജെ. ജോഷാ ഡോ. ജോർജ് ജേക്കബിനു നൽകികൊണ്ടു ലോഗോ പ്രകാശനം ചെയ്തു. ഫാ. ഡോ. കെ. എം. ജോർജ്, ഫാ. സി. സി. ചെറിയാൻ, ഫാ. പി. സി. ജോൺസൺ എന്നിവർ സന്നിഹിതരായിരുന്നു.

തുമ്പമൺ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ട തോമസ് ടി. വർഗീസ് (സുനു). തുമ്പമൺ സെന്റ് മേരീസ് ഓർത്തഡോക്സ് ഭദ്രാസന ദേവാലയ അംഗമാണ്.



Church Calendar

“Transfiguring to be the Kingdom of God”



(Feast of Transfiguration)
Luke 9:27-36

Fr. Geevarghese Thomas

The Transfiguration of Jesus Christ gifts our mortal state, the gift of metamorphosis to regain the state of glory. The underlining path which God selects, is the passion leading to the empty tomb! Jesus' Transfiguration on the mountain affirms that it is God in His perfect Divinity, who will suffer and save the world. Also, the Transfiguration event validates the Kingdom of God as a living community of the “witnesses” including all the people abiding God's Laws and the Prophets, as characterised by Moses and Elijah. Today, from our faces to many events and programs, everything can be artificially beautified with lights and colors. But, what actually we must pursue is the communion with God, and God's favor shining upon our faces, as when He spoke to Moses on Sinai. To realise the glory of the Kingdom of God, we too must have a spiritual ascent, wherein we must undertake the battle armouring our soul with the victorious Cross of Christ and be inspired by the living witnesses.

Reflections

1. Transfiguring through breaking the chrysalis.

Goodness, which is the fruit of the Holy Spirit is twofold. The essence and the situation. It is the essence of humanity to produce good works in the demanding situations. As, God exemplified love through death on Cross to save His fallen creation, likewise, the goodness emanates only when we break hatch the chrysalis of our ego (consummating in sin) and metamorphose ourselves through producing the fruits of Holy Spirit to gain the wings for the spiritual ascent. The breaking of the chrysalis is symbolic to a battle and its suffering. If God becoming human chose to suffer on Cross, what is mere human to boast about in this world? Jesus' Transfiguration precedes the passion he must undergo. It is what Christ Himself underwent, He bestowed the same grace unto us to justify our being in His likeness. His own Baptism, His own Body and Blood, His own Death and His own Resurrection, everything has gifted us the potential of inheriting the eternal glory. Likewise, His passion (in perfect Divinity) gives us the grace to combat the dehumanising powers which tame the goodness in us. The Christian life must be a battle to be transfigured from the comforts of self glory and translate it into a witness of communion with God. So as to defeat the deceiver, we need the Cross to be personified in our lives. That is, to humble ourselves to the will of God! This humbling may occur through different situations in our life and surroundings. It can be either sickness or persecution. But as the apostle reminds- “I consider that our present sufferings are not worth comparing with the glory that will be revealed in us” (Romans 8:18), we must undertake this battle of breaking the chrysalis of our ego (wickedness) and be metamorphosed to produce the good works for the Kingdom of God.

2. Be fully awake to experience the Transfiguration.


“Peter and his companions were very sleepy, but when they became fully awake, they saw his glory and the two men standing with him” (Luke 9:32). Sometimes, we fail to discern the colors which blind us to perceive the real glory of God. When the disciples were fully awake, they “saw” the God's glory and two “living” witnesses. The quoted words carry profound meanings. To see God's glory, we must primarily acquire a spirit of prayer. As, it was “in” prayers Jesus experienced the Transfiguration (verse 29). Earlier too, Jesus exhorted His disciples to keep watch with Him in prayers. Again, it is only through spiritual awakeness and communion with God, we can be able to see the “clouds of witnesses” around us. ‘Seeing’ the ‘clouds of witnesses’ means realising and accepting their active intercession to strengthen us in experiencing the Kingdom of God. The bodily separation doesn't divide the Church from experiencing communion with God. Moses who died and was buried and Elijah who was taken up without experiencing death, both are active and living witnesses of the Kingdom of God. It is in realising this great communion, the Kingdom of God is experienced. The moment Peter, James and John realised this great truth in transfigured Jesus, Peter wished to stay in this state. As the world advances, what do we see? Do we see a world and people battling for power and fame? Or do we “see” God's Glory and communion of saints through our spiritual awakening?

Conclusion

The Transfiguration of Lord following His passion affirms the truth of salvation and the Kingdom of God. God incarnated to save us, has given us the potential of growing in His likeness. Tracing the path of passion of Transfigured Christ, we discover the truth and grace of the Empty Tomb in our lives. Hardships and temptations are like chrysalis stages which need to be broken by imbibing the Cross in our lives. It is through constant battling and growing in the fruits of the Holy Spirit, we acquire a metamorphic ascent to realise the Kingdom of God. Again, the Kingdom of God is experienced primarily through being in sprit of prayer and realising the active witnesses in God's communion. Altogether, the Church grows in its fullness of the Kingdom of God, when we become fully awake to see God's glory in our humble lives. May God bless us.

❑

ഫാ ഡോ. കെ. എം. സാമുവേൽ അന്തരിച്ചു



നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ സീനിയർ വൈദികനായി സേവനം അനുഷ്ഠിച്ചു വിശ്രമജീവിതം നയിക്കുകയായിരുന്ന ഫാ ഡോ. കെ. എം. സാമുവേൽ അന്തരിച്ചു.

ശവസംസ്കാരം പിന്നീട്.



Rev. Dr. Packiam T. Samuel, Director of HMI and one of the Vice Presidents of the NCCI, and Rev. Asir Ebenezer, the General Secretary of NCCI, were welcomed at the Committee meeting of the Ecumenical Relations Department of the Malankara Orthodox Syrian Church, held at Devalokam Armana Conference Hall. The meeting was presided over by Metropolitan Dr. Yuhanon Mar Demetrios, along with Dr. Yuhanon Mar Miletius, Zachariah Mar Nicholovos, Abraham Mar Stephanos, and the President of the NCCI, Dr. Geevarghese Mar Yulios, along with other committee members.



മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായിരുന്ന പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 11-ാം ഓർമ്മ പ്പെരുന്നാൾ മാവേലിക്കര തെയോ ഭവൻ അരമനയിൽ കൊണ്ടാടി. ജോഷ്വാ മാർ നിക്കോദിമോസ്, എബ്രഹാം മാർ എപ്പിഫാനിയോസ് എന്നിവർ കാർമ്മി കത്വം വഹിച്ചു.



Dr. Ionut-Alexandru Tudorie, Dean of Studies, St. Vladimir's Orthodox Theological Seminary, New York, took his time to visit Old Seminary, Kottayam. His simplicity and unmeasurable knowledge aided the seminary community to know in detail the historical and ecumenical understanding followed in Christian Seminaries. Dr. Tudorie was accompanied by Fr. Dr. Renish Geevarghese a new Graduate of St. Vladimir's Seminary and a priest from Delhi Diocese of Malankara Orthodox Church. A brisk Q/A session was followed after the meeting. Seminary fraternity expressed gratitude and honor for the valuable presence and time spent by Dr. Tudorie.



സഭകളുടെ ദേശീയ സമിതി (NCCI) അദ്ധ്യക്ഷനായി തെരഞ്ഞെടു ക്കപ്പെട്ട ഡോ. ഗീവർഗീസ് മാർ യൂലിയോസിനെ ഓർത്തഡോക്സ് സെമി നാരി കുടുംബം അനുമോദിച്ചു. പ്രിൻസിപ്പാൾ ഫാ. ഡോ. റെജി മാത്യു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. ഡോ. നൈനാൻ കെ. ജോർജ്, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ. ഡോ. ജേക്കബ് മാത്യു, ഫാ. കെ. വി. ഏലിയാസ് എന്നിവർ പ്രസംഗിച്ചു.

വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ വേൾഡ് മിഷൻ ആൻഡ് ഇവാ ൻഞ്ചലിസം കമ്മീഷൻ ആയി തെരഞ്ഞെടുക്കപ്പെട്ട പ്രിൻസിപ്പാൾ ഫാ. ഡോ. റെജി മാത്യുവിനെയും FFRRC യുടെ രജിസ്ട്രാറായി നിയമിതനായ ഓർത്ത ഡോക്സ് സെമിനാരി പഴയനിയമ വിഭാഗം പ്രൊഫസർ ഫാ. ഡോ. ജേക്കബ് മാത്യുവിനെയും യോഗം അനുമോദിച്ചു.



അരീപ്പറമ്പ് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ സുവർണ ജൂബിലി ലോഗോ പ്രകാശനം പാമ്പാടി ദയറയിൽ വച്ചു ഭദ്രാസന മെത്രാ പ്പോലീത്താ ഡോ. യുഹാനോൻ മാർ ദീയസ്കോറോസ് നിർവഹിച്ചു.




പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകയുടെ വടക്കേ പടിപ്പുരയുടെ സമീപത്തുള്ള ബിൽഡിങ്ങിന്റെ ഒന്നാം നിലയുടെ കൂദാശാകർമ്മം ഡോ. ഗീവർഗീസ് മാർ യൂലിയോസ് നിർവ്വഹിച്ചു



കേരള ടെക്നോളജിക്കൽ സർവകലാശാലാ യിൽ നിന്ന് ബി.ടെക് സിവിൽ എഞ്ചിനീയറിംഗ് പരീ ക്ഷയിൽ സർവകലാശാല തലത്തിൽ എറിൻ മറിയം ഷാജി രണ്ടാം റാങ്ക് കരസ്ഥമാക്കി. മണക്കാല കൊറ്റ നല്ലൂർ മർത്തശ്മൂനി ഓർത്തഡോക്സ് ഇടവകാംഗ മായ ഷാജി ജോണിന്റെയും സോജി ഷാജിയുടെയും മകളാണ്.

പുസ്തകം




The Unexplored Treasures of Nazrani Culture and liturgy

17 Papers on the unique identity of the St. Thomas Christians

Published by: Mashikkoottu Imprint

Price: Rs. 420.00

Available at: MOC Books, Kottayam, Parumala, Devalokam



നവഭാരത ദർശനം:
അഴീക്കോടിന്റെ പ്രഭാഷണങ്ങൾ

ഡോ. തോമസ് കുരുവിള

പ്രസാധകർ:

മഷിക്കൂട്ട് ഇംപ്രിന്റ്

വില: 130.00



ദൈവങ്ങൾ ഉണ്ടാകുന്നത്

ഡോ. ബിജു തോമസ്

പ്രസാധകർ:

മഷിക്കൂട്ട് ഇംപ്രിന്റ്



തിരുവാർപ്പ് മർത്ത്ശ്മൂനി ഓർത്തഡോക്സ് ദേവാലയത്തിൽ 68-ാമത് വലിയ പെരുന്നാളും പ. മർത്തശ്മൂനി അമ്മയുടെ ഓർമ്മപ്പെരുന്നാളും സമുചിതമായി ആചരിച്ചു. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മുഖ്യകാർമ്മികത്വം വഹിച്ചു



NCCI ദേശീയ പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായെ ചിരമനെങ്ങാട് പള്ളിയിൽ ആദരിച്ചപ്പോൾ.



കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ നടന്ന എക്യുമെനിക്കൽ സമ്മേളനം ഹൈദ്രബാദ് ഹെൻട്രി മാർട്ടിൻ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഡോ. പാക്കിം റ്റി. ശാമുവേൽ ഉദ്ഘാടനം ചെയ്യുന്നു. ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ജനറൽ സെക്രട്ടറി റവ. ഡോ. അസീർ എബനേസർ, പ്രിൻസിപ്പാൾ ഫാ. ഡോ. റെജി മാത്യു, മദ്ധ്യകേരള മഹായിടവക ട്രഷറാർ റവ. നെൽസൺ ചാക്കോ എന്നിവർ സമീപം.



എ.പി.ജെ. അബ്ദുൾ കലാം കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.ടെക്. കമ്പ്യൂട്ടർ സയൻസിൽ (2019-2023) ബാച്ചിൽ നിന്ന് സർവകലാശാല തലത്തിൽ റിന്റു റെജി മൂന്നാം റാങ്ക് കരസ്ഥമാക്കി. തുമ്പമൺ നോർത്ത് സെന്റ് മേരീസ് ഓർത്തഡോക്സ് കാദീശ്ത്താ ഇടവകാംഗമായ റെജി വർഗീസിന്റെയും മിനി റെജിയുടെയും മകളാണ്.